**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 51** **23-01-2025 - ൽ മറുപടിയ്ക്ക്**

**ആധാർ കാർഡിലെ തിരുത്തലുകൾക്ക് ഗസറ്റ് വിജ്ഞാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആധാർ കാർഡിലെ പേരിലുള്ള ചെറിയ തിരുത്തലുകൾക്ക് ആധാർ അതോറിറ്റി (യു.ഐ.ഡി.എ.ഐ.) ഗസറ്റ് വിജ്ഞാപനം നിർബന്ധമാക്കിയിട്ടുണ്ടോ; ആധാർ അതോറിറ്റി ഇത് സംബന്ധിച്ച ഉത്തരവ് സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകാമോ; | (എ) | ആധാർ കാർഡിലെ പേരിലുള്ള ചെറിയ തിരുത്തലുകൾക്ക് ആധാർ അതോറിറ്റി (യു.ഐ.ഡി.എ .ഐ) ഗസറ്റ് വിജ്ഞാപനം നിർബന്ധമാക്കിയതായി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടില്ല. പേരിൽ രണ്ട് തവണ ചെറിയ തിരുത്തലുകൾ വരുത്താവുന്നതാണ്. |
| (ബി) | സർക്കാരിന്റെ വിവിധ സാമ്പത്തിക സഹായങ്ങൾക്കും സാമൂഹ്യ സുരക്ഷാ പെൻഷനും ആധാർ നിർബന്ധമാക്കിയിരിക്കെ അക്ഷയ സെന്ററുകളിൽ ആധാർ അപ്ഡേഷൻ ചെയ്യുന്നതിനും നിലവിലെ ആധാറിലെ തെറ്റുകൾ തിരുത്താനും ഗസറ്റ് വിജ്ഞാപനം നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് നിർബന്ധമാക്കിയത്; വിശദാംശം നൽകാമോ; | (ബി) | അക്ഷയ സെന്ററുകളിൽ ആധാർ അപ്ഡേറ്റ് ചെയ്യുന്നതിനും ആധാറിലെ തെറ്റുകൾ തിരുത്താനും ഗസറ്റ് വിജ്ഞാപനം നിർബന്ധമാക്കിയിട്ടില്ല. |
| (സി) | സർക്കാരിന്റെ 10/4/2017 ലെ IT-B1/05/2014-ITD നമ്പർ സർക്കുലർ പ്രകാരം ഓൺലൈനായി പ്രസിദ്ധീകരിക്കുന്ന രേഖകളിൽ വ്യക്തികളുടെ ആധാർ നമ്പർ പ്രസിദ്ധീകരിക്കുന്നത് 2016 ലെ ആധാർ ആക്ടിന്റെ ലംഘനമാണെന്ന് പറയുന്നുണ്ടോ; വിശദാംശം നൽകാമോ; | (സി) | 10/04/2017 ലെ IT-B1/05/2014-ITD നമ്പർ സർക്കുലർ പ്രകാരം ഓൺലൈനായി പ്രസിദ്ധീകരിക്കുന്ന രേഖകളിൽ വ്യക്തികളുടെ ആധാർ നമ്പർ പ്രസിദ്ധീകരിക്കുന്നത് 2016 ലെ ആധാർ ആക്ടിന്റെ ലംഘനമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ആധാർ നമ്പർ, പേര്, ജനനത്തീയതി, വിലാസം തുടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നത് Aadhaar (Targeted Delivery of Financial and Other Subsidies, Benefits and Services) Act, 2016-ലെ സെക്ഷൻ 29 (2), 29 (3), 29 (4) എന്നിവയുടെ വ്യക്തമായ ലംഘനമാണെന്നും കൂടാതെ, സെക്ഷൻ 37, 40 & 41 പ്രകാരം 3 വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യവുമാണെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ഡി) | ആധാർ അപ്ഡേഷൻ ചെയ്യുന്നതിനും നിലവിലെ ആധാറിലെ തെറ്റുകൾ തിരുത്തുന്നതിനും ഗസറ്റ് | (ഡി) | ആധാർ അപ്ഡേറ്റ് ചെയ്യുന്നതിനും നിലവിലെ ആധാറിലെ തെറ്റുകൾ തിരുത്താനും ഗസറ്റ് |

| | | | |
|---|---|---|---|
| | വിജ്ഞാപനം ആവശ്യമെങ്കിൽ അടിയന്തരമായി ഇക്കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | | വിജ്ഞാപനം നിർബന്ധമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ